

ശിഹാബ്ക്കയോട് ചോദിക്കാം

ശിഹാബ്ക്കാ, ഈ വർഷം ഇനി സ്കൂൾ തുറക്കില്ല എന്നാണ് പറയുന്നത്. ഫ്രണ്ട്സിനെയൊക്കെ എനിക്ക് വല്ലാതെ മിസ്സ് ചെയ്യുന്നു. സ്കൂളിലൊക്കെ പോകാൻ മുമ്പ് നല്ല മടിയായിരുന്നു. ഇപ്പോഴാണ് അതെല്ലാം എന്ത് രസമായിരുന്നു എന്ന് മനസ്സിലാകുന്നത്. ഇനിയും കുറച്ച് കാലം കൂടി വീട്ടിൽ തന്നെ ഇരിക്കേണ്ടി വരും. ഞങ്ങൾക്ക് ഈ സമയത്ത് ചെയ്യാവുന്ന കുറച്ച് കാര്യങ്ങൾ പറഞ്ഞു തരുമോ ശിഹാബ്ക്കാ...

മറിയം തൗഫീഖ്
ക്ലാസ് 8, പുത്തനത്താണി

പ്രിയപ്പെട്ട മറിയം,

നമ്മളെല്ലാം കോവിഡ് കാരണം വീടിനകത്ത് പെട്ടിരിക്കയാണ്. കാര്യമായി യാത്ര ചെയ്യാൻ കഴിയുന്നില്ല. സാഹചര്യങ്ങൾ പാടെ മാറിപ്പോയി.

പക്ഷേ, മനുഷ്യൻ എന്ന ജീവിക്ക് ഒരു പ്രത്യേകതയുണ്ട്. ഏത് സാഹചര്യത്തിലും നമ്മൾ ജീവിക്കും.

പ്രതിസന്ധികൾ ജീവിതത്തിൽ വന്നു മൂടുക എന്നത് സ്വാഭാവികമാണ്. പക്ഷേ, ഏത് കഷ്ടപ്പാടിലും ഒരു സാധ്യതയുണ്ട്. ആ സാധ്യതയെ ഗുണപരമായി ഉപയോഗിക്കുകയാണ് വേണ്ടത്.

ഇപ്പോഴത്തെ സാഹചര്യത്തിൽ പുറത്തിറങ്ങാതിരിക്കുകയാണ് നല്ലത്.

ഇന്ത്യൻ യൂണിയനിൽ ചേർന്ന ആദ്യത്തെ നാട്ടുരാജ്യം– ഭാവ് നഗർ

കോവിഡിന് മുമ്പ് നമ്മുടെ ജീവിതം അനായാസകരമായിരുന്നു. എവിടെയും പോകാം. എപ്പോൾ വേണമെങ്കിലും വരാം. ഈ കാരണത്താൽ നമ്മൾ വലിയ തിരക്കുകാരായിരുന്നു. വീട്ടിനകത്ത് നമുക്കൊരു ജീവിതം ഇല്ലായിരുന്നു. ഇപ്പോൾ സമയം ഇഷ്ടം പോലെ! നമ്മളാണെങ്കിൽ കുടുംബാംഗങ്ങളോടൊപ്പം യഥേഷ്ടം സമയം ചെലവഴിക്കുന്നു. ഇത് ഒരു സാധ്യത തന്നെ.

* ഇതുവരെ നമ്മൾക്ക് വീട് വൃത്തിയായും അടുക്കും ചിട്ടയോടെയും വെക്കാൻ സമയം കിട്ടിയിരുന്നില്ല. ഇപ്പോൾ വീട് വൃത്തിയാക്കി വെക്കാം.

*വീടിനു പുറത്ത് പറമ്പൊക്കെ വൃത്തിയാക്കി വെച്ച് കൃഷി ചെയ്യാം. പലരും പച്ചക്കറി നട്ട് നല്ല വിളവെടുക്കുന്നു. വിഷം തളിക്കാത്ത പച്ചക്കറി കഴിക്കാം.

*നല്ല പുസ്തകങ്ങൾ വായിക്കാം. നാം ഇതുവരെ വായിക്കാതെ വിട്ടുപോയതൊക്കെ വായിക്കാം. അറിവും ഭാവനയും അങ്ങനെ വർധിപ്പിക്കാം. പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കാം.

*ചിത്രങ്ങൾ വരക്കാം.

*വീടിനകത്തു നിന്ന് കൈത്തൊഴിലുകൾ അഭ്യസിക്കാം.

*പാചകം പഠിക്കാം. അമ്മമാരെ അടുക്കളയിൽ സഹായിക്കാം.

ഇങ്ങനെ അനന്ത സാധ്യതകൾ ഈ പ്രതിസന്ധിയിലും നമ്മെ കാത്തിരിക്കുന്നുണ്ട്.

അപ്പോൾ ശിഹാബ്ക്ക പറഞ്ഞത് ഓർമ്മയുണ്ടല്ലോ,

ഏത് പ്രതിസന്ധിയിലും ഒരു സാധ്യത നമ്മളെ കാത്തിരിപ്പുണ്ട്.

ശിഹാബ്കാക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു കഥ പറഞ്ഞുതരുമോ..

ഹിശാം അബ്ദുൽഖാദർ
ക്ലാസ് 6, ചങ്ങരംകുളം

ശിഹാബ്ക്കാക്ക് ഇഷ്ടപ്പെട്ട ഒരുപാട് കഥകളുണ്ട്. ടോൾസ്റ്റോയി മുതൽ ബഷീർ വരെയുള്ളവരെഴുതിയ അനവധി കഥകൾ.

ടോൾസ്റ്റോയിയുടെ ഒരു കഥ ശിഹാബ്ക്ക എപ്പോഴും ഓർക്കും. 'ഒരാൾക്കെത്ര ഭൂമി വേണം' എന്നാണ് ആ കഥയുടെ പേര്. ഓർമയിൽനിന്ന് ശിഹാബ്ക്ക ആ കഥ പറയാം..

ഭൂമിക്ക് വില കുറവാണെന്ന് കേട്ട് വാങ്ങാനെത്തിയതായിരുന്നു അയാൾ.

കണ്ണെത്താ ദൂരത്തോളം സ്ഥലമുള്ള ഭൂവുടമ പറഞ്ഞു: എനിക്ക് മൊത്തം ഇത്ര പണം തന്നാൽ മതി, സൂര്യൻ അസ്തമിക്കുന്നതിനിടയിൽ നിങ്ങൾ സഞ്ചരിച്ചെത്തുന്ന സ്ഥലം മുഴുവൻ നിങ്ങൾക്കെടുക്കാം.

പക്ഷേ, ഒരു കരാറുണ്ട്. സൂര്യനസ്തമിക്കുന്നതിന് മുമ്പ് നിങ്ങൾ തിരിച്ചെത്തണം. ഇല്ലെങ്കിൽ പണം തിരിച്ചു തരുന്നതല്ല.!

സ്ഥലം വാങ്ങാൻ വന്ന ആൾക്ക് വലിയ സന്തോഷം തോന്നി.

അയാൾ ഭൂവുടമക്ക് പണവും നൽകി നടത്തം തുടങ്ങി. നടക്കുംതോറും അയാൾക്ക് സന്തോഷവും ആർത്തിയും മൂത്തു മൂത്തു വന്നു. ഇത്രയും സ്ഥലം എനിക്കാണല്ലോ! ഇനിയും വേണം, ഇനിയും വേണം.

സൂര്യനസ്തമിക്കുന്നതിനു മുമ്പ് തിരിച്ചെത്തണമല്ലോ. അയാൾ നടത്തത്തിന് വേഗത കൂട്ടി. കൂടുതൽ കൂടുതൽ ഭൂമി എന്ന് വിചാരിച്ച് പിന്നെ അയാൾ ഓടാൻ തുടങ്ങി.

നിർത്താതെ ഓടിയോടി തളർന്ന് സൂര്യനസ്തമിക്കുന്നതിന് മുമ്പ് അയാൾ വീണു മരിച്ചു.

ടോൾസ്റ്റോയി ഈ കഥയുടെ അവസാനം ഇങ്ങനെ എഴുതുന്നു:

അയാൾ ആഗ്രഹിച്ചതോ, അനവധി പക്ഷേ, കിട്ടിയത് ആറടി മണ്ണ് മാത്രം!

ഇങ്ങനെ ധാരാളം കഥകൾ ലോക സാഹിത്യത്തിലും നമ്മുടെ ഭാഷയിലുമുണ്ട്.

തേടിപ്പിടിച്ച് അവയെല്ലാം വായിക്കണം, കേട്ടോ.

കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ കായികതാരം- റഷീദ് അൻവർ